# نصيحة الجمعة

## تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند

(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)


للأستاذ المولوي سي. اي .موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨

الإتصال: شمير الباقوي-٩٤٩٥١٩٠٨٩٥


**തീയതി: 23/03/2018.**

**വിഷയം: " ആദരവ് ഖബ്റിനോടും "**

يَا أَيُّهَا الَّذِينَ آمَنُوا لَا تَرْفَعُوا أَصْوَاتَكُمْ فَوْقَ صَوْتِ النَّبِيِّ وَلَا تَجْهَرُوا لَهُ بِالْقَوْلِ كَجَهْرِ بَعْضِكُمْ لِبَعْضٍ أَنْ تَحْبَطَ أَعْمَالُكُمْ وَأَنْتُمْ لَا تَشْعُرُونَ ۞ ﴿حجرات: ٢﴾

➢ മനുഷ്യൻ തന്റെ വീടിനെ ആത്മാർത്ഥമായി സ്നേഹിക്കുകയും വിലമതിക്കുകയും ചെയ്യുന്നവരാണ്.

നാം എവിടെപോയാലും മനസ്സ് വീട്ടിലായിരിക്കും. പോയ സ്ഥലത്ത് വീട്ടിൽ ഇല്ലാത്ത എന്തൊക്കെ സൗകര്യങ്ങൾ ഉണ്ടായാലും വീട്ടിൽ എത്തിയാലേ ഒരു സ്വസ്ഥതയുള്ളൂ. അതുകൊണ്ടാണ് വീടിന് 'ദാർ' എന്നു പറയുന്നത്. മനസ്സ് അവിടെ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കും എന്നർത്ഥം.

വീടും പരിസരവും ഭംഗിയാകണമെന്നാണ് ചിന്ത. ഗാർഡൻ, ചുറ്റുമതിൽ, ഫൗണ്ടൻ, ലൈറ്റുകൾ... എല്ലാം. അതിനു വിവപീതമായി വീടും പരിസരവും കേടുവരുത്തു ന്നതും മലിനമാക്കുന്നതും ആരും ഇഷ്ടപ്പെടില്ല. ഉദാ: ചെരിപ്പിട്ട് കയറുക, വേസ്റ്റ് ഇടുക, മുറുക്കിത്തുപ്പുക...

➢ എന്നാൽ മനുഷ്യന് പ്രധാനമായ മറ്റൊരു വീടു കൂടിയുണ്ട്. ഖബ്റാണത്.

عَنْ عُثْمَانَ بْنِ عَفَّانٍ , قَالَ: إِنَّ رَسُولَ اللَّهِ ﷺ قَالَ : الْقَبْرُ أَوَّلُ مَنْزِلٍ مِنْ مَنَازِلِ الآخِرَةِ (أحمد)

മയ്യിത്ത് നിസ്ക്കാരത്തിലെ ദുആഉൽ ഇക്കാര്യം പറയുന്നവരാണ് നാം.

عن أبي عبد الرحمن عَوْفَ قال: صَلَّى رَسُولُ اللَّهِ ﷺ عَلَى جَنَازَةٍ, فَحَفِظْتُ مِنْ دُعَائِهِ ......وَأَبْدِلْهُ دَارًا خَيْرًا مِنْ دَارِهِ, وَأَهْلاً خَيْرًا مِنْ أَهْلِهِ .....(مسلم)

അപ്പോൾ മനുഷ്യന്റെ വീടുകളിൽ പ്രധാനമായതും ദീർഘകാലം താമസിക്കേണ്ടതുമായ ഒന്ന് ഖബ്റാണ്.

➢ സത്യവിശ്വാസിയെ അടക്കപ്പെട്ട ഭവനം എന്ന നിലക്ക് ഖബ്ർ ആദരണീയമാണെന്ന് ദീൻ പഠിപ്പിക്കുന്നു. ഇത് ഖബ്റിൽ കിടക്കുന്ന മനുഷ്യനോടുള്ള ആദരവാണ്. ഖബ്ർ പൂജയല്ല.

وَلَا يُجْلَسُ عَلَى الْقَبْرِ وَلَا يُسْتَنَدُ إلَيْهِ وَلَا يُتَّكَأُ عَلَيْهِ وَلَا يُوطَأُ احْتِرَامًا لَهُ إلَّا لِلضَّرُورَةِ كَأَنْ لَمْ يَصِلْ لِقَبْرِ مَيِّتِهِ (تحفة)

(=ഖബ്റിൽ ചവിട്ടുക, ചാരിയിരിക്കുക, കൈ കുത്തുക, എന്നിവ അരുത്. അത് ഖബ്റിനോടുള്ള ആദരമാണ്. തന്റെ മയ്യിത്തിനെ സന്ദർശിക്കാൻ പോകാൻ മറ്റ് മാർഗ്ഗമില്ലാത്ത നിർബന്ധിതാവസ്ഥയിലൊഴികെ.)

ഇവിടെ രണ്ട് കാര്യങ്ങൾ വ്യക്തമായി. ഒന്ന്. വിശ്വാസിയുടെ ഖബ്ർ ആദരണീയമാണ്. രണ്ട്: ആ ആദരവിന് നിരക്കാത്തതൊന്നും ഖബ്റിനോട് ചെയ്യരുത്.

➢ ഖബ്റുകൾ മലിനപ്പെടുത്തൽ ഹറാമാകുന്നു. മലമൂത്രവിസർജനം മാത്രമല്ല നജസായ ചെരിപ്പിച്ച് ചവിട്ടലും ഹറാമാണ്. (തുഹ്ഫ/ശർവാനി 3/175)

وَلَا يُكْرَهُ الْمَشْيُ بَيْنَ الْمَقَابِرِ بِالنَّعْلِ أَيْ مَا لَمْ يَكُنْ مُتَنَجِّسًا بِنَجَاسَةٍ رَطْبَةٍ فَيَحْرُمُ إنْ مَشَى بِهِ عَلَى الْقَبْرِ أَمَّا غَيْرُ الرَّطْبَةِ فَلَا.

ഇന്ന് പലയിടത്തും ഖബ്ർസ്ഥാനുകളിൽ കാലികളെ അഴിച്ചുവിടുന്നത് കാണാം. അവ മലമൂത്രവിസർജനം നടത്തുന്നതായാൽ അതിന്റെ കുറ്റം ഉടമകൾക്കു തന്നെ.

അതുപോലെ വേസ്റ്റുകളും കടലാസുകളും ഖബ്ർ സ്ഥാനുകളിലേക്ക് വലിച്ചെറിയുന്ന രീതിയും ഒഴിവാക്കേണ്ടതാണ്. കാരണം അത് സത്യ വിശ്വാസികളുടെ ഭവനമാണ്.

ഇബ്നുതൈമിയ്യയുടെ വരികൾ ഉദ്ധരിക്കാം.

فَإِنَّ قَبْرَ الْمُسْلِمِ، لَهُ مِنَ الْحُرْمَةِ، مَا جَاءَتْ بِهِ السُّنَّةُ، إِذْ هُوَ بَيْتِ الْمُسْلِمِ الْمَيِّتِ، فَلَا يُتْرَك عَلَيْهِ شَيءٌ مِن النَّجَاسَاتِ بِالْاِتِّفَاقِ، ... وَلاَ يُجَاوِرُ بِمَا يُؤْذِي الْأَمْوَاتَ مِنَ الْأَقْوَالِ وَالأَفْعَالِ الْخَبِيثَةِ.... وَكُلَّمَا كَانَ الْمَيِّتُ أَفْضَلَ، كَانَ حَقُّهُ أَوْكَدَ (اقتضاء الصراط المستقيم)

➢ ഖബ്ർ സിയാറത്ത് വേളയിൽ മയ്യിത്തിന്റെ പദവിക്കനുസൃതമുള്ള ആദരവുകൾ പ്രകടിപ്പിക്കലും അനിവാര്യമാണ്. ജീവിതകാലത്ത് പുലർത്തിയിരുന്ന ആദാബുകൾ മരണശേഷവും വേണം എന്നാണ് നിയമം.

( وَيَقْرُبُ ) نَدْبًا ( زَائِرُهُ ) مِنْ قَبْرِهِ ( كَقُرْبِهِ مِنْهُ ) إِذَا زَارَهُ (حَيًّا) احْتِرَامًا لَهُ (تحفة)

ചരിത്രം: ഖലീഫ അബൂജഅ്ഫർ മസ്ജിദുന്നബവി സന്ദർശിക്കവെ അൽപ്പം ഉറക്കെ സംസാരിച്ചുപോയി. ഇമാം മാലിക് (റ) അദ്ദേഹത്തോട് ഗുണദോഷിച്ചത് ഇങ്ങനെയാണ്.

يَا أَمِيرَ الْمُؤْمِنِينَ لَا تَرْفَعْ صَوْتَكَ فِي هَذَا الْمَسْجِدِ،فَإِنَّ اللَّهَ تعَالَى أَدَّبَ قَوْمًا فَقَالَ: يَا أَيُّهَا الَّذِينَ آمَنُوا لَا تَرْفَعُوا أَصْوَاتَكُمْ فَوْقَ صَوْتِ النَّبِيِّ وَلَا تَجْهَرُوا لَهُ بِالْقَوْلِ كَجَهْرِ بَعْضِكُمْ لِبَعْضٍ أَنْ تَحْبَطَ أَعْمَالُكُمْ وَأَنْتُمْ لَا تَشْعُرُونَ ﴿حجرات:٢﴾.وَمَدَحَ قَوْمًا فَقَالَ : إِنَّ الَّذِينَ يَغُضُّونَ أَصْوَاتَهُمْ عِندَ رَسُولِ اللَّهِ أُولَئِكَ الَّذِينَ امْتَحَنَ

اللَّهُ قُلُوبَهُمْ لِلتَّقْوَىٰ ۚ ﴿حجرات:٣﴾ وَذَمَّ قَوْمًا فَقَالَ: إِنَّ الَّذِينَ يُنَادُونَكَ مِنْ وَرَاءِ الْحُجُرَاتِ أَكْثَرُهُمْ لَا يَعْقِلُونَ ﴿حجرات:٤﴾ وَإِنَّ حُرْمَتَهُ مَيِّتًا كَحُرْمَتِهِ حَيًّا . فَاسْتَكَانَ لَهَا أَبُو جَعْفَرٍ (شفاء السقام للسبكي/ اقتضاء الصراط المستقيم لابن تيمية)

ഇതുപോലെയാണ് ഔലിയാക്കാർ, മാഹന്മാർ, മാതാപിതാക്കളുടെ ഖബ്ർ സന്ദർശനവേളയിൽ പെരുമാറേണ്ടത്. ഇങ്ങനെ മരിച്ചവരെയും അവരുടെ ഖബ്റുകളെയും നാം മാനിക്കണം.

➢ എന്നാൽ ഖബ്റുകളുമായി ബന്ധപ്പെട്ട് ശരീഅത്ത് അനുവദിക്കാത്ത ഹറാം, കറാഹത്തുകൾ നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.

സുജൂദ്, ഖബ്ർ വലം വെക്കൽ, സ്ത്രീ പുരുഷ സങ്കലനം, വെളിച്ചത്തിനല്ലാതെ വിളക്ക് കത്തിക്കൽ... ഇവ ഫിഖ്ഹ് ഹറാം എന്നു പറയുന്ന കാര്യങ്ങളാണ്. അത് അല്ലാഹുവിനും റസൂൽ (സ)ക്കും അവിടെ വിശ്രമിക്കുന്ന മഹാന്മാർക്കും ഇഷ്ടമല്ല. പൊരുത്തമല്ല. ഇത്തരം കാര്യങ്ങൾ ഒഴിവാക്കുക. ചുരുക്കത്തിൽ ഇബാദത്ത് വേറെ ആദരവ് വേറെയാണ്.

NB: റജബിന്റെ ആഗമനം സൂചിപ്പിക്കുകയും അതിലെ ദുആഇന്റെ മഹത്വം ഓർമ്മപ്പെടുത്തുകയും ചെയ്യുക.

عَنْ أَنَسِ بْنِ مَالِكٍ قَالَ: كَانَ رَسُولُ اللَّهِ ﷺ إِذَا دَخَلَ رَجَبٌ قَالَ: اللَّهُمَّ بَارِكْ لَنَا فِي رَجَبٍ، وَشَعْبَانَ، وَبَلِّغْنَا رَمَضَانَ (أحمد في "زوائد المسند" (٢٣٤٦) والطبراني في "الأوسط" (٣٩٣٩) والبيهقي في "الشعب" (٣٥٣٤) وأبو نعيم في "الحلية")

∆ ∆ ∆